*Circular No.2/2015*

ദൈവകൃപയാൽ

***നിരണം ഭദ്രാസന ഇടവകയുടെ***

## ***യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും***

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം ജനങ്ങളും കൂടിക്കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

1976 മുതൽ മൂന്നര പതിറ്റാണ്ടു കാലം ഈ ഭദ്രാസനത്തെ അനുഗ്രഹകരമായി നയിച്ച ദൈവ സ്നേഹിയായ സഭാരത്നം അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമനസ്സിലെ മൂന്നാം ഓർമ്മ പെരുന്നാൾ 2015 ഫെബ്രുവരി മാസം 20, 21 തീയതികളിൽ ( വെള്ളി, ശനി) അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്ന മാവേലിക്കര മിഷൻ ട്രെയിനിങ് സെന്ററിൽ വച്ച് നടത്തുന്നതാണ്. 20-ാം തീയതി വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് പരുമല സെമിനാരിയിൽ നിന്നും അദ്ദേഹത്തിന്റെ കബറിങ്കലേക്ക് ഒരു പദയാത്രയും നടത്തുന്നതാണ്. ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച രാവിലെ 7 മണിക്ക് പ്രഭാത നമസ്കാരവും അതെ തുടർന്ന് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാനയും കബറിങ്കൽ ധൂപ പ്രാർത്ഥനയും ഉായിരിക്കുന്നതുമാണ്. ഫെബ്രുവരി മാസം 22-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും വി. കുർബാന മദ്ധ്യേ അഭി. പിതാവിനുവേി പ്രത്യേകം ധൂപ പ്രാർത്ഥന നടത്തേതാണ്.

എല്ലാ പരിപാടികളിലും നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽ നിന്നും വൈദീകരും ജനങ്ങളും വന്ന് സംബന്ധിക്കണമെന്ന് സ്നേഹത്തോടെ നാം നിങ്ങളോട് ആവശ്യപ്പെടുന്നു.

"ദരിദ്രരെ നിങ്ങൾ ഓർത്തുകൊള്ളേണം" എന്നു നിരന്തരം നമ്മെ ഓർമ്മിപ്പിച്ച അഭി. വലിയ തിരുമേനി യുടെ മൂന്നാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് കാൻസർ, ഹൃദയ, വൃക്ക രോഗികൾക്ക് സഹായം നൽകു വാൻ ആഗ്രഹിക്കുന്നു. ആ ഇടവകയിൽ ഏറ്റവും അർഹരായവരുങ്കിൽ അവരുടെ അപേക്ഷ, 3 മാസങ്ങൾക്കുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, വികാരിയുടെ ശുപാർശ എന്നിവ സഹിതം 2015 ഫെബ്രുവരി 25-ാം തീയതിക്കു മുമ്പായി നമ്മുടെ ആഫീസിൽ എത്തിക്കണമെന്നു താൽപര്യപ്പെടുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

എന്ന്, 2015 ഫെബ്രുവരി മാസം 10-ാം തീയതി
തിരുവല്ലാ ബഥനി അരമനയിൽ നിന്നും

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ.